**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5543** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ആയുർവേദ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ മാസങ്ങളായി ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ ഓഫീസർ തസ്തികയിലെ നിലവിലുള്ള എല്ലാ ഒഴിവുകളും (സർവ്വീസ് ക്വാട്ടയിൽ പി.ജി ചെയ്യുന്നത് ഒഴികെ) പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികകളിൽ സ്ഥിരം ഡോക്ടർമാർ ഇല്ലാത്ത എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ എപ്രകാരം ഉണ്ടായെന്നും വ്യക്തമാക്കാമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ സ്ഥിരം ഡോക്ടർമാരില്ലാത്ത ഒഴിവ് വിവരം ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭാരതീയ ചികിത്സാ വകുപ്പിൽ പ്രൊമോഷൻ നടക്കാത്തത് മൂലം എൻട്രി കേഡർ ആയ മെഡിക്കൽ ഓഫീസർ തസ്തികയിൽ ഉണ്ടാകേണ്ട ഒഴിവുകൾ മാസങ്ങളായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ നടത്തുന്നതിനും ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ചീഫ് മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ തസ്തികകളിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഭാരതീയ ചികിത്സ വകുപ്പിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകൾ ഏതെല്ലാമാണെന്നും എത്രയെണ്ണമുണ്ടെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ? | (ഡി) | സർക്കാരിന്റെ 19.02.2021-ലെ സ.ഉ(കൈ) 52/2021/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ആയുഷ് വകുപ്പിന് കീഴിൽ 300 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ സർക്കാരിന്റെ 25.02.2021-ലെ ജി.ഒ(എം.എസ്) 7/2021/ആയുഷ് നമ്പർ പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ 08 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അവശേഷിക്കുന്ന തസ്തികകൾ അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-21) പുതുതായി |

| | | | |
|---|---|---|---|
| | | | അനുവദിച്ച തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. സ്ഥിരം തസ്തികകൾ - 109. താത്ക്കാലിക തസ്തികകൾ - 08. ------------------ ആകെ - 117 |

സെക്ഷൻ ഓഫീസർ